# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമ പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായിരുന്ന ശ്രീ. കെ.കൃഷ്ണപിള്ള 16/06/2007 മുതൽ 31/03/2009 വരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ[ഇപിഎ]വകുപ്പ്

സ.ഉ[സാധാ] നമ്പർ **1675 /2015/**തസ്വഭവ. തിരുവനന്തപുരം, തീയതി **04/06/2015**

---

പരാമർശം: 1) ശ്രീ. കെ.കൃഷ്ണപിള്ളയുടെ 23/09/2011 ലെ അവധി അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 31/05/2012, 30/05/2013,11/11/2013, 01/10/2014, 14/10/2014 തീയതികളിലെ ഇ 9-30285/11 നമ്പർ കത്ത്.
3) സർക്കാരിന്റെ 03/02/2014 ലെ 1946/ഇപിഎ 2/2013/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമ പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായിരുന്ന ശ്രീ.കെ.കൃഷ്ണപിള്ള 31/03/2009 ൽ സർവ്വീസിൽ നിന്നും വിരമിക്കേണ്ടതായിരുന്നു എന്നും എന്നാൽ ടിയാൾ 06/10/2006 മുതൽ 31/03/2009 വരെ അനധികൃതമായി ഹാജരായിരുന്നില്ല എന്നും 31/03/2009 ന സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി മേൽ കാലയളവ് ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സൂചന 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

ശ്രീ.കെ.കൃഷ്ണപിള്ളയുടെ അനധികൃത ഹാജരില്ലായ്മ കാലയളവിലെ 06/10/2006 മുതൽ 25/11/2006 വരെയുള്ള കാലയളവ് ടിയാളുടെ ക്രഡിറ്റിലുള്ള ആർജ്ജിതാവധിയായും 26/11/2006 മുതൽ 15/06/2007 വരെയുള്ള കാലയളവ് ടിയാളുടെ ക്രഡിറ്റിലുള്ള അർദ്ധ വേതനാവധിയായും ക്രമീകരിക്കുവാൻ സൂചന 3 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ളതായി സൂചന 2 ലെ 01/10/2014, 14/10/2014 തീയതി

കളിലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ സൂചന 2 ലെ 11/11/2013 തീയതിയിലെ കത്തു പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.കെ.കൃഷ്ണപിള്ളയുടെ സൂചന 1 പ്രകാരമുള്ള അവധി അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാൾ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്ന 16/06/2007 മുതൽ 31/03/2009 വരെയുള്ള കാലയളവ് കെ.എസ്.ആർ , ഭാഗം 1 റൂൾ 88 പ്രകാരം ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്കു പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല.സി.എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
സെക്രട്ടറി, കൊറ്റങ്കര ഗ്രാമ പഞ്ചായത്ത് , കൊല്ലം.
ശ്രീ. കെ.കൃഷ്ണപിള്ള, കൊറ്റങ്കര ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി,കൊറ്റങ്കര ഗ്രാമ പഞ്ചായത്ത് മുഖേന)
ധനവകുപ്പിന് ( 109233/റൂൾസ്-ബി2/13/ധന തീയതി 09/01/2014 നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**